നം. D6-13238/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 09.10.2018
Email - swdkerala@gmail.com
Phone : 0471 – 2306040

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് – വ്യക്തിഗത ഗുണഭോക്തൃ പദ്ധതി 2018-19 പ്രാർത്ഥനങ്ങൾ - സംബന്ധിച്ച്.

സൂചന :-
1) സാമൂഹ്യനീതി ഡയറക്ടറുടെ 03.07.2018-ലെ D6-5065/18 നം. നടപടി ക്രമങ്ങൾ.
2) സാമൂഹ്യനീതി ഡയറക്ടറുടെ 20.07.2018-ലെ D6-5035/18 നം. നടപടി ക്രമങ്ങൾ.
3) സാമൂഹ്യനീതി ഡയറക്ടറുടെ 23.07.2018-ലെ D6-4775/18 നം. നടപടി ക്രമങ്ങൾ.

Individual beneficiary scheme-കളായ വിദ്യാകിരണം, വിദ്യാജ്യോതി, ഭിന്നശേഷിക്കാർക്ക് ഉദ്യോഗ പരീക്ഷ എഴുതുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികൾ പ്രകാരം 2018-19 സാമ്പത്തിക വർഷം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മേൽ സൂചനകൾ പ്രകാരം പദ്ധതി നിർവ്വഹണത്തിനായുള്ള തുകകൾ എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും മുൻകൂറായി അനുവദിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും plan space-ൽ expenditure സംബന്ധിച്ച വിവരങ്ങളൊന്നും ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ രേഖപ്പെടുത്തിയതായി കാണുന്നില്ല. ടി സാഹചര്യത്തിൽ നവംബർ 15-ന് മുൻപ് മുൻകൂറായി അനുവദിച്ചിട്ടുള്ള തുകയുടെ 90% പൂർണ്ണമായി ചെലവഴിച്ച് പ്രസ്തുത വിവരം plan space-ൽ upload ചെയ്യേണ്ടതും മാതൃജ്യോതി, വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തി ആവശ്യമായ അലോട്ട്മെന്റിന് കത്ത് 31.10.2018-ന് മുൻപായി ലഭ്യമാക്കേണ്ടതുമാണ്. വിവിധ വ്യക്തിഗത പദ്ധതികൾക്കായി ഓരോ ജില്ലകൾക്കും വകയിരുത്തിയിട്ടുള്ള തുകയ്ക്ക് അനുസൃതമായി അപേക്ഷകരെ കണ്ടെത്തി ധനസഹായം അനുവദിക്കേണ്ടത് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ ഉത്തരവാദിത്വമാണ്. ആയതിനാൽ നവംബർ 15-നകം ജില്ലകൾക്ക് അനുവദിച്ച പദ്ധതി തുകയുടെ 90% വിനിയോഗിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

AN